# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



കർത്താവിൽ പ്രിയരേ !

യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

ഇന്നുള്ള ഏറ്റവും പഴക്കം കൂടിയ ക്രൂശിനു കീഴെ അലക്ശാമെനോസ്സ് തന്റെ ദൈവത്തെ ആരാധിക്കുന്നു എന്ന ലിഖിതം ഉണ്ട്. എന്നാൽ അത് എത്രയും പരിഹാസരൂപത്തിൽ എഴുതിയതാണെന്നു വ്യക്തമാണ്. കാരണം ക്രൂശിക്കപ്പെട്ട ആളത്വത്തിന്റെ ശിരസ്സ് ഒരു കഴുതയുടെ തലയാണ് പ്രതിനിധീകരിക്കുന്നത്. 3-ാം നൂറ്റാണ്ടിൽ നിന്ന് എന്നു കരുതപ്പെടുന്ന ആ ക്രൂശ് ഭോഷത്വത്തിന്റേയും തട ങ്ങൽ പാറയുടേയും (1 കൊരി. 1:23,24) ഒരു പ്രതീകം തന്നെയാകുന്നു. പ്രസി ദ്ധനായ സിസറോ പറഞ്ഞത് ക്രൂശെന്ന പേർ ഒരു റോമാപൗരന്റെ ശരീരത്തിന്റെ അടുക്കൽ വരരുത്, അതവന്റെ ചിന്തകളിലോ, കാഴ്ചയിലോ, കേൾവിയിലോ പ്രവേശിക്കരുത് എന്നാകുന്നു. ലോക പ്രസിദ്ധ സെൻബുദ്ധ മതപണ്ഡിതനായ ഡി.റ്റി. സുസ്സുക്കി, ക്രൂശിനേക്കുറിച്ച് പറഞ്ഞത് ലോകമതങ്ങൾക്ക് ക്രിസ്തുവിന്റെ ക്രൂശിനോടുള്ള മനോഭാവം കാണുമ്പോൾ ക്രിസ്തുമതവും, ബുദ്ധമതവും തമ്മി ലുള്ള അകലം എത്രമാത്രമാണെന്നു എനിക്ക് ചിന്തിക്കാതിരിക്കുവാൻ നിവൃ ത്തിയില്ല.

ക്രിസ്തീയ ലോകത്തിൽ ഏറ്റവും ആദരിക്കപ്പെടുന്ന അർത്ഥവത്തായ പ്രതീകമായി ക്രൂശിനെ തീർത്തത് അതിന്മേൽ മരിച്ച ആളത്വവും പ്രസ്തുത ആളത്വം എന്ത് നിർവ്വഹിച്ചുവോ അതുമാകുന്നു. ക്രൂശു മരണത്തിന്റെ അർത്ഥത്തെ വ്യാഖ്യാനിക്കുവാനായി ശ്രമിക്കുന്ന അർത്ഥവത്തായ പല സിദ്ധാന്ത ങ്ങളും ഉണ്ട്. എന്നാൽ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ (പുത്രന്റെ കഷ്ടാ നുഭവങ്ങളിൽ) ദൈവമായ പിതാവും പങ്കുചേരുന്നുവെന്ന ഉൾക്കാഴ്ചയില്ലാത്ത എല്ലാ വ്യാഖ്യാനങ്ങളും ശുഷ്കമാണ്. പുത്രന്റെ വേദനകളിൽ പങ്കുചേരാത്ത മാനുഷീക പിതൃത്വം മാതൃകാപരമാണോ, ശ്രേഷ്ടമാണോ, ആദരണീയമാണോ ? ഉത്തരം വ്യക്തമാണ്. പ്രസിദ്ധ ജർമ്മൻ വേദശാസ്ത്രജ്ഞനായ മോൾട്ടുമാൻ "The Crucified God" എന്ന പുസ്തകത്തിൽ ഈ ആശയം വളരെ വ്യക്തമാക്കു വാൻ ശ്രമിക്കുന്നു. ഐക്യ രാഷ്ട്ര സംഘടനയുടെ ജനറൽ സെക്രട്ടറിയായി രുന്ന പരേതനായ ഡാഗ്ഹാമർ ഷോൾഡ് ഇവാൺസ്റ്റണിൽ വെച്ചു ചെയ്ത ഒരു





പ്രസംഗത്തിൽ യേശു ക്രിസ്തുവിന്റെ ക്രൂശിനെ ചരിത്രത്തിന്റെ കേന്ദ്രമെന്നു പ്രത്യേകമായി വിവരിച്ച ശേഷം തുടർന്നു പറഞ്ഞു, ഇവിടെ എല്ലാ മനുഷ്യരും, എല്ലാ രാഷ്ട്രങ്ങളും ഒരു വ്യത്യാസവുമില്ലാതെ ദൈവത്തിന്റെ ശത്രുക്കൾ എന്ന നിലയിൽ നില്ക്കുന്നുവെങ്കിലും അവിടെ എല്ലാവരും ദൈവത്തിന്റെ പ്രീയരായും ദൈവമുമ്പിൽ ഏറ്റവും വിലയേറിയവരായും നില്ക്കുന്നു. ദൈവം തന്നിൽ നിന്ന കന്നുപോയ ലോകത്തെ തന്നോടു നിരപ്പിച്ചത് ക്രിസ്തുവിന്റെ ക്രൂശുമരണത്താ ലാകുന്നു. ഈ നിരപ്പിന്റെ വചനവും, നിരപ്പിന്റെ ശുശ്രൂഷയും നമ്മെ ഭാരമേല്പി ച്ചിരിക്കുന്നു. (2 കൊരി.5:18,19) ഈ യഥാർത്ഥ്യം അഗണ്യതയാലോ, അഹങ്കാര ത്താലോ അംഗീകരിക്കാതിരിക്കാവുന്നതാണ്. ക്രിസ്തുവിലുള്ള ദൈവത്തിന്റെ ഈ സ്വയ ത്യാഗത്തെ അംഗീകരിച്ച വ്യക്തിയും അംഗീകരിക്കാത്ത വ്യക്തിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതു പ്രകടമാകേണം.

ഒരു പ്രസിദ്ധ തത്വ ജ്ഞാനിയായിരുന്ന പരേതനായ ഇന്ത്യൻ പ്രസിഡന്റ് ഡോ. രാധാകൃഷ്ണൻ "Where you there when they crucified my Lord" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്രിസ്തീയ സമൂഹത്തോടു പ്രസംഗിച്ചപ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രത്യേക വസ്തുത യേശുവിനെ അനുഗമിക്കുന്ന ശിഷ്യന്റെ ( ശിഷ്യയുടെ) ജീവിതത്തിൽ യേശു സാക്ഷാൽകരിക്കേണ്ടതായ ഒരു യാഥാർത്ഥ്യമാണെന്നാണ്. യേശു തന്നെ ഇത് ശിഷ്യത്വത്തിന്റെ വ്യവസ്ഥയായി നിർദ്ദേശിച്ചിട്ടുണ്ട്. മാർക്കോ 8:34, 35; ലൂക്കോ. 14:27 മത്താ. 10:38,39) മദ്ധ്യ കാല ഘട്ടത്തിൽ ക്രൂശിന്റെ വേദശാസ്ത്രമെന്നത് കഷ്ടതയുടെ മിസ്റ്റിസിസത്തിന്റെ പ്രക ടനമായിരുന്നു. ഇത് അപര്യാപ്തമായ ഒരു സമീപനമാകുന്നു. പുനരുത്ഥാനം ക്രൂശിക്കപ്പെട്ട ക്രിസ്തുതന്നെ കർത്താവാകുന്നു എന്നു സഭക്ക് ബോദ്ധ്യം വരു ത്തി. പുനരുത്ഥാനം യേശു തന്റെ ആളത്വത്തേയും ദൗത്യത്തേയും കുറിച്ചു പറഞ്ഞ എല്ലാറ്റിന്റേയും സ്ഥിരീകരണവും വിജയവും ആകുന്നു. തിരു സഭ അവയുടെ പ്രത്യക്ഷമായ നിറവേറലിനെ പ്രത്യാശയോടും സന്തോഷത്തോടും നോക്കിക്കൊണ്ട് ശിഷ്യത്വത്തിന്റെ വ്യവസ്ഥ നിറവേറ്റുവാൻ ബോധപൂർവ്വം സമ്മതിച്ചിരിക്കുന്നവ രുടെ സമൂഹമാകുന്നു.

സ്നേഹത്തോടും പ്രാർത്ഥയോടും

മുണ്ടിയപ്പള്ളി — **ജോർജ്ജ് അച്ചൻ**

01.01.2009 — (ഇടവക വികാരി)

**ഇടവക വികാരിയുടെ മൊബൈൽ നമ്പർ : 9447940257**

# വാർത്തകളും കുറിപ്പുകളും

## 1. വിശുദ്ധ സ്നാനം

| | | | | |
|---|---|---|---|---|
| Reyna Achu Roy | - | Mundackal thekkethil | - | 2008 December 12 |
| Feba Som Joseph | - | Nellimoottil | - | 2009 February 28 |
| Savio Thomas Madhu | - | Chechakunnil | - | 2008 November 9 |
| Rowan Mathew Robin | - | Elavinakuzhiyil | - | 2009 January 30 |
| Efrain Mona Jacob | - | Mundackal | - | 2009 March 15 |
| Sankeerthan Mathew Shirin | - | Eattickal | - | 2009 July 4 |

*ഈ പൈതങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.*

## 2. വിശുദ്ധ വിവാഹം

ഇലഞ്ഞിമൂട്ടിൽ ജോൺ ചെറിയാനും പാലയ്ക്കൽ രാജി മേരി വർഗീസും 2009 ജൂൺ 3-ാം തീയതി വിശുദ്ധ വിവാഹ ശുശ്രൂഷയിലൂടെ കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചു.

വടക്കേമുണ്ടെയ്ക്കൽ തോമസ് വി.വർക്കിയും ചെമ്മഴിക്കാട്ട് ബിൻസി സാറാമ്മ ചാക്കോയും 2009 ജൂൺ മാസം 27- തീയതി വിശുദ്ധ വിവാഹ ശുശ്രൂഷയിലൂടെ കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചു.

നവദമ്പതികളെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## 3. യൂത്ത് & ക്വയർ റിട്രീറ്റ്

നമ്മുടെ യുവജന പ്രസ്ഥാനത്തിന്റെയും ഗായക സംഘത്തിന്റേയും 2009-2010 വർഷത്തെ റിട്രീറ്റ് 2009 ജൂലൈ മാസം 11-ാം തീയതി ശനിയാഴ്ച രാവിലെ 10 എ. എം. മുതൽ 3 പി. എം. വരെ ബഥേൽ ആശ്രമത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. റവ. ജ്യോതിസ് പി. പോത്തറായി, മി. റെജി ചുങ്കത്തറ എന്നിവർ നേതൃത്വം നല്കുന്നതാണ്. എല്ലാ യുവ സ്നേഹിതരും, ഗായക സംഘാംഗങ്ങളും ഈ റീട്രീറ്റിൽ സംബന്ധിക്കേണ്ടതാണ്.

## 4. സെന്റ് സ്റ്റീഫൻസ് ബോയിസ് ഹോം

നമ്മുടെ ബോയിസ് ഹോമിൽ പഠിച്ചിരുന്ന ബിനീഷ് ബാബുവിനാണ് കഴിഞ്ഞ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ മുണ്ടിയപ്പള്ളി സി. എം. എസ്. എച്ച്. എസിൽ ഏറ്റവും ഉയർന്ന ഗ്രേഡ് (എട്ട് A+ ഉം 2 A യും) ലഭിച്ചത് എന്ന വിവരം വളരെ





സന്തോഷത്തോടുകൂടെ അറിയിക്കുന്നു. ബിനീഷ് ബാബുവിനെ ഇടവകയുടെ പേരിലും, ബോയിസ് ഹോമിന്റെ പേരിലും ഹാർദ്ദമായി അനുമോദിക്കുന്നു. സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന ഈ കുട്ടിക്ക് നാം ഇപ്രകാരം ഒരു സാഹജര്യം ഒരുക്കി കൊടുത്തതുകൊണ്ടാണ് അവന് പഠിച്ച് പ്രശസ്ത വിജയം കരസ്ഥമാക്കുവൻ കഴിഞ്ഞത്. നാം ബോയിസ് ഹോമിന്റെ നടത്തിപ്പിനു വേണ്ടി ചെലവിടുന്ന ഓരോ രൂപയും ഇതുപോലെ ഓരോ കുട്ടിയുടെയും ജീവിതം അനുഗ്രഹിക്കപ്പെടുവാൻ സഹായകരമാകും. ഈ അദ്ധ്യയന വർഷവും 19 കുട്ടികൾ താമസിച്ചു പഠിക്കുന്നു. ഒരു കുട്ടിയെ സ്പോൺസർ ചെയ്തു സഹായിച്ചാൽ അത് ഒരു ജീവിതത്തെ വലിയ താക്കിതീർക്കാൻ ഇടയാക്കും. എല്ലാവരുടെയും സഹായസഹകരണങ്ങളും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. ചിട്ടയായി ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകുന്ന വാർഡൻ റ്റി. പി. ജോൺസൺ സാറിനോടുള്ള പ്രത്യേക നന്ദിയും രേഖപ്പെടുത്തുന്നു.

## 5. ജൂലൈ – ആഗസ്റ്റ് മാസങ്ങളിലെ പ്രോഗ്രാം

| | | |
|---|---|---|
| 03-07-2009 | - | സെന്റ് തോമസ് ഡേ |
| 11-07-2009 | - | യൂത്ത് & ക്വയർ റിട്രീറ്റ് - ബഥേൽ ആശ്രമം 10 a.m. |
| 11-07-2009 | - | W.M.A. സി. എസ്. ഐ. ചർച്ച് കുമ്പനാട് 9.30 a.m. |
| 12-07-2009 | - | അത്മായ സംഘടന - ഉപസഭ സന്ദർശനം 2 p.m. |
| 14-07-2009 | - | അച്ചന്മാരുടെയും ഉപദേശിമാരുടെയും ധ്യാനയോഗം 10 a.m. |
| 25-07-2009 | - | മഹായിടവക ദിനം |
| 30-07-2009 | - | അത്മായ സംഘടന -24 മണിക്കൂർ ചെയിൻ പ്രയർ (30-ാം തീയതി 6 p.m.മുതൽ 31-ാം തീയതി 6 p.m.വരെ) |
| 2-08-2009 | - | അത്മായ ഞായർ -10 a.m. |
| 2-08-2009 | - | ബോയിസ് ഹോം ജനറൽ ബോഡി 2.30 p.m. (റവ. ഡോ. കുരുവിള ജോർജ്ജ്) |
| 08-08-2009 | - | സ്ത്രീജനസഖ്യം - കുക്കിംഗ് ക്ലാസ് - 10 a.m. |
| 11-08-2009 | - | അച്ചന്മാരുടെയും ഉപദേശിമാരുടെയും പ്രാർത്ഥനായോഗം മുണ്ടിയപ്പള്ളി 10 a.m. |
| 14-08-2009 | - | അത്മായസംഘടന - മുഴുരാത്രി പ്രാർത്ഥന 9 p.m.-6 p.m. |
| 15-08-2009 | - | സ്വാതന്ത്ര ദിനം |

## 5. ഷെഡ്യൂൾഡ് പ്രോഗ്രാമുകൾ

| | | |
|---|---|---|
| സണ്ടേസ്കൂൾ | : | 7.30 p.m.ഞായറാഴ്ച |
| യുവജന പ്രസ്ഥാനം മീറ്റിംഗ് | : | 12.00 p.m.ഞായറാഴ്ച |

| | | |
|---|---|---|
| യുവജന പ്രസ്ഥാനം മദ്ധ്യസ്ഥ പ്രാർത്ഥന | : | 7.30 p.m.ശനിയാഴ്ച |
| സ്ത്രീ ജനസഖ്യം കോട്ടേജ് പ്രയർ മീറ്റിംഗ് | : | 2.30 p.m.ചൊവ്വാഴ്ച |
| സ്ത്രീജനസഖ്യ മീറ്റിംഗ് | : | 3.00 p.m.ശനിയാഴ്ച |
| കൂട്ടായ്മ യോഗം | : | 7.00 p.m.ബുധനാഴ്ച |
| ഏരിയ പ്രയർ മീറ്റിംഗ് | : | 8.00 a.m.ഞായറാഴ്ച |
| ക്വയർ പ്രാക്ടീസ് | : | 2.30 p.m.ഞായറാഴ്ച |
| തിരുവത്താഴ ശുശ്രൂഷ | : | 1,2,3,4 ഞായറാഴ്ച |
| മാറ്റിൻ സർവ്വീസ് | : | 5-ാം ഞായർ |

## 7. കൂട്ടായ്മ യോഗം ( ജൂലൈ – ആഗസ്റ്റ് ) 7p.m.

| | | | |
|---|---|---|---|
| 2-08-2009 | - | ജോർജ്ജ് ഏബ്രഹാം | - തുരുത്തുമലതകിടിയിൽ |
| 08-07-2009 | - | സ്വാമി ദാസ് | - പൂമാത്തിവിള പുത്തൻവിള |
| 15-07-2009 | - | ഗീവർഗീസ് മാത്യു | - പാണംകുളത്ത് |
| 22-07-2009 | - | തോമസ് കെ. വർക്കി | - കൊച്ചുതുണ്ടിയിൽ |
| 29-07-2009 | - | മാസാന്ത്യ കൂട്ടായ്മയോഗം | - പള്ളിയിൽ 10 a.m. |
| 07-08-2009 | - | യോഹന്നാൻ കുര്യൻ | - കാഞ്ഞിരത്തുംങ്കൽ |
| 14-08-2009 | - | സാബു ജോൺ കോരുത് | - കൊച്ചുമണ്ണിൽ |
| 21-08-2009 | - | കൊച്ചുമോൻ | - ആഞ്ഞിലിമൂട്ടിൽ |
| 28-08-2009 | - | മാസാന്ത്യകൂട്ടായ്മ യോഗം | - പള്ളിയിൽ 10 a.m. |

## സ്ത്രീ ജനസഖ്യത്തിന്റെ, കോട്ടേജ് പ്രയർ മീറ്റിംഗ്

## (ജൂലൈ – ആഗസ്റ്റ്)

### 14 – 07 – 2009

**ഭാഗം**

| | | | | |
|---|---|---|---|---|
| 1. | മിസിസ്സ്. | അച്ചാമ്മ തോമസ് | - | പാമല പുത്തൻവീട് |
| 2. | ” | മേരി ജേക്കബ് | - | തുണ്ടിയിൽ |
| 3. | ” | കുഞ്ഞുമോൾ സാം | - | ഇലവുങ്കൽ |
| 4. | ” | മിനി ജോൺസൺ | - | പാറയിൽ |
| 5. | ” | അന്നമ്മ ചാണ്ടി | - | നെല്ലിമൂട്ടിൽ |
| 6. | മിസിസ്സ്. | മേഴ്സി ഫിലിപ്പ് | - | ഈട്ടിക്കൽ |
| 7. | ” | മേരി കോശി | - | തുരുത്തുമലതകിടിയിൽ |





| ഭാഗം | | 21 – 07 – 2009 | | |
|---|---|---|---|---|
| 1. | മിസിസ്സ്. | ഷീജ വർഗീസ് | - | അടേട്ട് |
| 2. | മിസിസ്സ്. | അന്നമ്മ ചെറിയാൻ | - | തുണ്ടിയിൽ വടക്കേതിൽ |
| 3. | ” | മറിയാമ്മ വർക്കി | - | വടക്കേമുണ്ടെയ്ക്കൽ |
| 4. | ” | അന്നമ്മ വർഗീസ് | - | പാറയിൽ |
| 5. | ” | ശാന്തമ്മ ഏബ്രഹാം | - | നെല്ലിമൂട്ടിൽ |
| 6. | ” | കുഞ്ഞന്നാമ്മ ഉമ്മൻ | - | ഈട്ടിക്കൽ |
| 7. | ” | ലൈസാമ്മ കോശി | - | ഒറ്റപ്ലാമൂട്ടിൽ |

| ഭാഗം | | 28 – 07 – 2009 | | |
|---|---|---|---|---|
| 1. | മിസിസ്സ്. | അന്നമ്മ വർഗീസ് | - | കോട്ടക്കാപറമ്പിൽ |
| 2. | ” | ചിന്നമ്മ ഏബ്രഹാം | - | കാലാപ്പറമ്പിൽ |
| 3. | ” | പൊന്നമ്മ ചാണ്ടി | - | തൊട്ടിപ്പാറയ്ക്കൽ |
| 4. | ” | അന്നമ്മ യോഹന്നാൻ | - | കാഞ്ഞിരത്തുംങ്കൽ |
| 5. | ” | കുഞ്ഞമ്മസാർ | - | കൊച്ചുതുണ്ടി ജോയിഭവൻ |
| 6. | ” | ലീലാമ്മ ജോർജ്ജ് | - | അമ്പാട്ടുകുന്നേൽ |
| 7. | ” | അച്ചാമ്മ ഏബ്രഹാം | - | തുരുത്തുമല തകിടിയിൽ |

| ഭാഗം | | 11 – 08 – 2009 | | |
|---|---|---|---|---|
| 1. | മിസിസ്സ്. | ശോഭന സ്വാമിദാസ് | - | പൂമാത്തിവിള പുത്തൻവിള |
| 2. | ” | അമ്മിണി ഗീവർഗീസ് | - | പാണംകുളത്ത് |
| 3. | ” | സൂസമ്മ വർക്കി | - | കൊച്ചുതുണ്ടിയിൽ |
| 4. | ” | ശോശാമ്മ കോശി | - | മുണ്ടെയ്ക്കൽ |
| 5. | ” | തങ്കമ്മ വർഗീസ് | - | തൈപ്പറമ്പിൽ |
| 6. | ” | മറിയാമ്മ ചാക്കോ | - | ചാത്തനാട് |
| 7. | ” | മറിയാമ്മ കോശി | - | ഒറ്റപ്ലാമൂട്ടിൽ |

| ഭാഗം | | 18 – 08 – 2009 | | |
|---|---|---|---|---|
| 1. | മിസിസ്സ്. | മറിയാമ്മ ഐസക്ക് | - | പാറടിയിൽ |
| 2. | ” | അന്നമ്മ ജോൺ | - | കാലാപറമ്പിൽ |
| 3. | ” | ശോശാമ്മ മാത്യു | - | ഇലവിനാകുഴിയിൽ |
| 4. | ” | അന്നമ്മ ചെറിയാൻ | - | മുണ്ടെയ്ക്കൽ |
| 5. | ” | സൂസമ്മ ചെറിയാൻ | - | കൊച്ചുപുരയ്ക്കൽ |
| 6. | ” | ചിന്നമ്മ അലക്സാണ്ടർ | - | കരിപ്പക്കുഴിയിൽ |
| 7. | ” | എൽസി ജോർജ്ജ് | - | തെക്കേക്കുറ്റ് തകിടിയിൽ |

ഭാഗം 25 – 08 – 2009

1. മിസിസ്സ്. സുഷമ സാബു - ചേച്ചാകന്നേൽ
2. ,, അന്നമ്മ മാത്യു - പാറടിയിൽ
3. ,, ശോശാമ്മ മത്തായി - ഇലവിനാക്കുഴിയിൽ
4. ,, സുബി ജോർജ്ജ് - പാഴ്സനേജ്
5. ,, ലീലാമ്മ വർഗീസ് - കൊച്ചുപുരയ്ക്കൽ
6. ,, ജെയ്ബി ജിജി - കരിപ്പക്കുഴിയിൽ
7. ,, ഏലിയാമ്മ ചെറിയാൻ - നടുപറമ്പിൽ

**ഏരിയ പ്രാർത്ഥന (ജൂലൈ – ആഗസ്റ്റ്)**

ഭാഗം 05 – 07 – 2009

1. പ്രൊഫ. വർഗീസ് റ്റി. കുരുവിള - തൈപ്പറമ്പിൽ
2. മി. എം. എ. തോമസ് - മലക്കൽ
3. മി. റ്റി. എം. വർഗ്ഗീസ് - വടക്കേമുണ്ടയ്ക്കൽ തെക്കെതിൽ
4. മി. എം. വി. കോശി - മുണ്ടയ്ക്കമലയിൽ
5. മിസിസ്സ്. അച്ചാമ്മ വർഗീസ് - കൊച്ചുതുണ്ടിയിൽ
6. മി.സാബു ജേക്കബ് - താഴികയിൽ
7. മി. ഒ. കെ. തോമസ് - ഒറ്റപ്ലാമൂട്ടിൽ

ഭാഗം 12 – 07 – 2009

1. മി. കെ. ജെ. ചാക്കോ - കച്ചറ
2. മി. ഷാജി ജോർജ്ജ് - നെല്ലിമല വടക്കേതിൽ
3. മി. റോയി വർഗീസ് - വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ
4. മി. യോഹന്നാൻ കുര്യൻ - കാഞ്ഞിരത്തുംങ്കൽ
5. മി. കെ. റ്റി. വർക്കി - കൊച്ചുതുണ്ടിയിൽ
6. മിസിസ്സ്. സൂസമ്മ ജോർജ്ജ് - ആഞ്ഞിലിമൂട്ടിൽ
7. മി. കോശി മാത്യു - ഒറ്റപ്ലാമൂട്ടിൽ

ഭാഗം 19 – 07 – 2009

1. മി. കെ. ജെ. വർഗീസ് - കോട്ടക്കാപറമ്പിൽ
2. മി. റ്റി. ബി. കുര്യൻ - തുണ്ടിയിൽ
3. മി. കുരുവിള മാത്യു - മുണ്ടക്കമണ്ണിൽ
4. മി. യോഹന്നാൻ വർഗീസ് - കാഞ്ഞിരത്തുംങ്കൽ
5. മി. റിബേക്ക ഫിലിപ്പ് - തൈപ്പറമ്പിൽ
6. മി. പി. ഐ. ഏബ്രഹാം - പാണംകുളത്ത് മണ്ണിൽ
7. മി. സാബു കുര്യൻ - ആഞ്ഞിലിമൂട്ടിൽ





ഭാഗം 26 – 07 – 2009

1. മി. എം. കെ. ചാക്കോ - മരുതൂത്തറ
2. മി. ജേക്കബ് റ്റി. ജോർജ്ജ് - തുണ്ടിയിൽ
3. മി. ജോൺ വർഗീസ് - പവ്വത്തിലാത്ത്
4. മി ബിജു ജോൺ കുര്യൻ - മുണ്ടയ്ക്കമലിയിൽ
5. മി. സഖറിയ ജോൺ - തുണ്ടിയിൽ
6. മി. ഈപ്പൻ കെ. ചെറിയാൻ - കട്ടത്ര
7. മി. കുര്യൻ ജോർജ്ജ് - ആഞ്ഞിലമൂട്ടിൽ

ഭാഗം 02 – 08 – 2009

1. മി. പി. സി. ജോൺ - ഓവിൽപുതുപറമ്പിൽ
2. മിസിസ്സ്. അന്നമ്മ ചെറിയാൻ - തുണ്ടിയിൽ വടക്കേതിൽ
3. മി. ഈ. ജി. ജോൺ - ഇലവുങ്കൽ
4. മി. കെ. വി. ഈപ്പൻ - പാറയിൽ പീസ് കോട്ടേജ്
5. മിസിസ്സ്. മറിയാമ്മ ജോർജ്ജ് - കൊച്ചുതുണ്ടിയിൽ
6. മി. ജോൺ കുര്യൻ - ആഞ്ഞിലിമൂട്ടിൽ
7. മിസിസ്സ്. റേയ്ച്ചൽ വർഗീസ് - മുണ്ടയ്ക്കമലയിൽ

ഭാഗം 09 – 08 – 2009

1. മി. സ്വാമി ദാസ് - പൂമാത്തിവിള പുത്തൻവിള
2. മിസസ്സ്. ചിന്നമ്മ ഏബ്രഹാം - കാലാപറമ്പിൽ
3. മി. കോരുള ജോൺ - ഇലവുങ്കൽ
4. മി. ഏബ്രഹാം വർഗീസ് - പാറയിൽ
5. മിസിസ്സ്. അന്നമ്മ വർക്കി - കൊച്ചുതുണ്ടിയിൽ
6. മി. ഇ.വി. ചെറിയാൻ - ഈട്ടിക്കൽ
7. മി. റ്റി. ജെ. മാത്യു - തുരുത്തുമല

ഭാഗം 16 – 08 – 2009

1. മി. പി. സി. ജേക്കബ് - ഓവിൽ പുതുപ്പറമ്പിൽ
2. മി. ഗീവർഗീസ് മാത്യു - പാണംകുളത്ത്
3. മി. കോരുള കോരുത് - ഇലവുങ്കൽ മേലേക്കൂറ്റ്
4. മി. ടോം ജോൺസൺ - പാറയിൽ വള്ളോംകുന്നിൽ
5. മിസിസ്സ്. അന്നമ്മ ജേക്കബ് - നെല്ലിമൂട്ടിൽ
6. മി. ഇ. വി. ജോർജ്ജ് - ഈട്ടിക്കൽ
7. മി. വി. എം. സഖറിയ - വട്ടശ്ശേരിൽ

| ഭാഗം | | 23 – 06 – 2009 |
|---|---|---|
| 1. മിസിസ്സ്. അച്ചാമ്മ തോമസ് | - | പാമല പുത്തൻവീട്ടിൽ |
| 2. മി. കെ. എ. ജോൺ | - | കാലാപറമ്പിൽ |
| 3. മി. എം. റ്റി. വർക്കി | - | വടക്കെമുണ്ടയ്ക്കൽ |
| 4. മി. വർഗീസ് കുര്യൻ | - | കൊച്ചുതുണ്ടിയിൽ |
| 5. മി. കെ. ജി. മാത്തുക്കുട്ടി | - | കാരിമൂട്ടിൽ |
| 6. മിസിസ്സ് അന്നമ്മ വർക്കി | - | ഈട്ടിക്കൽ |
| 7. മി. റ്റി. റ്റി. ജോൺ - | | തുരുത്തുമല |

| ഭാഗം | | 30 – 08 – 2009 |
|---|---|---|
| 1. മി. പി. സി. കുര്യൻ | - | പാമല പുത്തൻവീട്ടിൽ |
| 2. മി. പി. വി. മാത്യു | - | പാറടിയിൽ |
| 3. മി. സി. ചാണ്ടി | - | തൊട്ടിപ്പാറയ്ക്കൽ |
| 4. മി. ഏബ്രഹാം ജോസഫ് | - | തൈപ്പറമ്പിൽ സജി സദൻ |
| 5. മിസിസ്സ്. ആലീസ് ജോസഫ് | - | നെല്ലിമൂട്ടിൽ |
| 6. മി. എം. ഒ. ഉമ്മൻ | - | ഈട്ടിക്കൽ |
| 7. മി. എം. പി. ഫിലിപ്പ് | - | മംഗലത്ത് |

## ഗായകസംഘം 2009 – 2010 ലെ ഭാരവാഹികൾ

| | | |
|---|---|---|
| സെക്രട്ടറി | - | മി. സുനിൽ ഏബ്രഹാം |
| ജോ. സെക്രട്ടറി | - | മി. ആൽവിൻ ചെറിയാൻ ജോർജ്ജ് |
| ലേഡീസ് സെക്രട്ടറി | - | മിസ്സ്. ആനിയമ്മ ചെറിയാൻ |

## കമ്മിറ്റിയംഗങ്ങൾ

മി. ആശിഷ് വർഗീസ്
മി. കുര്യൻ ചെറിയാൻ
മി. സഖറിയ ജോൺ
മിസ്സ്. റിൻസി. ആൻ തോമസ്
മിസിസ്സ്. സുബി ജോർജ്ജ്

## 2009 മെയ് നു നടന്ന സ്ത്രീജനസഖ്യ വാർഷിക മീറ്റിങ്ങിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗങ്ങൾ

| | | |
|---|---|---|
| President | - | Mrs. Suby George |
| Secretary | - | ” Susamma Mathewkutty |
| Join. Secretary | - | ” Usha Varghese |





**Committee members**

| | |
|---|---|
| | Mrs. Annamma Varghese |
| | ” Valsamma Thankachen |
| | ” Valsamma Chandy |
| | ” Annamma John |
| | ” Elizabeth George |
| | ” Mary Chandy |
| | ” Susy Abraham |
| | ” Sherly Varghese |
| | ” Mariamma Varghese |
| | ” Susamma Cheriyan |
| | ” Leelamma George |
| | ” Kochumol Koshy |
| | ” Rachel Varghese |
| | ” Leelamma Pothen |
| **Auditors** - | ” Rachel George |
| | ” Suseela Kurian |

## യുവജനസഖ്യം 2009 2010 ലെ ഭാരവാഹികൾ

| | | |
|---|---|---|
| Vice President | : | Mr. Kurien Cherian |
| Secretary | : | Mr. Subin Kurien Kuruvilla |
| Joint Secretary | : | Miss. Rincy Ann Thomas |
| Councillors | : | Mr. Ashish Varghese |
| | : | Mr. Sunil Abraham |
| | : | Miss. Sheby Elizabeth George |

## കമ്മിറ്റിയംഗങ്ങൾ

| | | |
|---|---|---|
| | : | Mr. Raju Varkey Tnomas |
| | : | Mr. Nibu Chandy |
| | : | Mr. Roby Varkey Jose |
| | : | Mr. Rinju Mariam Varkey |
| | : | Miss. Sherin K. Susan Thomas |
| **Auditors** | : | Mr. Johnson T.P. |
| | : | Mr. Vinu K. Cherian |

# കണക്ക് ( ഏപ്രിൽ 2009)

**വരവ്**

| | | |
|---|---|---|
| മുൻമിച്ചം | - | 14860.50 |
| മാസപിരിവ് | - | 852.00 |
| സ്തോത്രകാഴ്ച | - | 12348.50 |
| പിടിയരി | - | 1018.00 |
| ദാനം/ സ്തോത്രം | - | 1,300.00 |
| വിവാഹ വാർഷികം | - | 580.00 |
| പിറന്നാൾ സ്തോത്രം | - | 3852.00 |
| ആദ്യഫലം | - | 1580.00 |
| പള്ളി ഫീസുകൾ | - | 5780.00 |
| പ്രത്യേക പിരിവുകൾ | - | 11501.00 |
| മിഷനറി കളക്ഷൻ | - | 7260.00 |
| ദശാംശം | - | 400.00 |
| ജനറേറ്റർ സംഭാവന | - | 2000.00 |
| പലവക വരവ് | - | 34,391.00 |
| **ആകെ** | **-** | **97753.00** |

**ചെലവ്**

| | | |
|---|---|---|
| ഇടവക പട്ടക്കാരന്റെ ശമ്പളം | - | 5000.00 |
| ക്ഷാമബത്ത | - | 2500.00 |
| പ്രൊവിഡന്റ് ഫണ്ട് | - | 500.00 |
| ലോക്കൽ & കൺവെയ്ൻസ് അലവൻസ് | - | 3000.00 |
| കപ്യാർ ശമ്പളം & അലവൻസ് | - | 3700.00 |
| ടെലിഫോൺ | - | 970.00 |
| കമ്മറ്റി | - | 312.50 |
| ദശാംശ വരവിൽ നിന്നും ചെലവ് | - | 7750.00 |
| കേന്ദ്രവിഹിതം (പെൻഷൻ) | - | 4475.00 |
| പലവക | - | 47230.00 |
| **ആകെ** | **-** | **75437.50** |
| **ആകെ വരവ്** | **-** | **97753.00** |
| **ആകെ ചെലവ്** | **-** | **75437.50** |
| **മിച്ചം** | **-** | **22316.00** |





# കണക്ക് (മെയ് 2009)

**വരവ്**

| | | |
|---|---|---|
| മുൻമിച്ചം | - | 22316.00 |
| മാസപിരിവ് | - | 1804.00 |
| സ്തോത്രകാഴ്ച | - | 18526.00 |
| പിടിയരി | - | 300.00 |
| ദാനം/ സ്തോത്രം | - | 5200.00 |
| വിവാഹവാർഷികം | - | 1600.00 |
| പിറന്നാൾ സ്തോത്രം | - | 5970.00 |
| ആദ്യഫലം | - | 440.00 |
| വിവാഹ സംഭാവന | - | 7500.00 |
| പള്ളി ഫീസുകൾ | - | 4500.00 |
| പ്രത്യേക പിരിവുകൾ | - | 60.00 |
| മിഷനറി കളക്ഷൻ | - | 7200.00 |
| ദശാംശം | - | 9820.00 |
| ജനറേറ്റർ സംഭാവന | - | 1000.00 |
| പലവക വരവ് | - | 74836.00 |
| ലോൺ | - | 200000.00 |
| **ആകെ** | **-** | **361072.00** |

**ചെലവ്**

| | | |
|---|---|---|
| ഇടവക പട്ടക്കാരന്റെ ശമ്പളം | - | 5000.00 |
| ക്ഷാമബത്ത | - | 2500.00 |
| പ്രൊവിഡന്റ് ഫണ്ട് | - | 500.00 |
| ലോക്കൽ & കൺവെയ്ൻസ് അലവൻസ് | - | 3000.00 |
| കപ്യാർ ശമ്പളം & അലവൻസ് | - | 3700.00 |
| ടെലിഫോൺ | - | 930.00 |
| ഇലക്ട്രിസിറ്റി | - | 1891.00 |
| ദശാംശ വരവിൽ നിന്നും ചെലവ് | - | 3500.00 |
| കേടുപോക്ക് / നവീകരണം | - | 164308.00 |
| കേന്ദ്രവിഹിതം (പെൻഷൻ) | - | 4475.00 |
| പലവക ചെലവ് | - | 52035.00 |
| വി. സംസർഗ്ഗം | - | 705.00 |
| **ആകെ** | **-** | **242544.75** |

| | | |
|---|---|---|
| **ആകെ വരവ്** | - | **361072.00** |
| **ആകെ ചെലവ്** | - | **242544.75** |
| **മിച്ചം** | - | **118527.25** |



# ശിശുസ്നാനം

# വേദപുസ്തകാനുസരണം ഒരു പഠനം

(vii) ഒരു സഭയിൽ ഏതാനും ആളുകൾ രണ്ടാം സ്നാനമേല്ക്കുമ്പോൾ, സഭയിൽ ഒരു പിളർപ്പുണ്ടാക്കുന്നതിനാലോ, അതിനുള്ളിൽ തങ്ങൾ മറ്റുള്ളവരെക്കാൾ ആത്മീയമായി ഉയർന്നവരെന്ന് അഭിമാനിക്കുന്നവരുടെ ഒരു സംഘം സൃഷ്ടിക്കുന്നതിനാലോ, സഭയുടെ കൂട്ടായ്മയെ ശിഥിലീകരിക്കുവാൻ ഇടയുണ്ട്.

(viii) ദക്ഷിണേന്ത്യാ സഭയുടെ ഏതെങ്കിലും അംഗങ്ങൾ ഇപ്രകാരം വഴിപിഴച്ചുപോയാൽ, സ്ഥലത്തെ സഭാശുശ്രൂഷകനും സഭാംഗങ്ങളും അവരുടെ തെറ്റായ നിലപാടിനെ അവർക്കു ബോദ്ധ്യമാക്കിക്കൊടുക്കുകയും, അവരെ തിരികെ സഭയുടെ കൂട്ടായ്മയിലേക്കു കൊണ്ടുവരുന്നതിന് ഉത്സാഹത്തോടെ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ചിലർ അറിവില്ലായ്മയാലും, മറ്റു ചിലർ വൈകാരികമായ അനുഭവങ്ങളുടെ സ്വാധീനത്താലുമാണ് തെറ്റിപ്പോകുന്നതെന്നോർക്കണം. ക്ഷമയോടുകൂടിയ ഗുണദോഷങ്ങൾ വ്യർത്ഥമാകുകയോ, ബന്ധപ്പെട്ടവർ നമ്മുടെ സഭ വിട്ടുപോയിരിക്കുന്നു എന്നു തങ്ങളുടെ നടപടികളാൽ പ്രത്യക്ഷപ്പെടുത്തുകയോ ചെയ്യുമ്പോൾ മാത്രമേ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുള്ളു. ശിക്ഷിക്കപ്പെടുന്നവരെ സംബന്ധിച്ചു തന്നെയും അനുതാപത്തിനും തിരിച്ചുവരവിനുമുള്ള മാർഗ്ഗങ്ങൾ എപ്പോഴും തുറന്നിരിക്കേണ്ടതാണ്.

(ix) സഭാശുശ്രൂഷകർ, കമ്മറ്റി അംഗങ്ങൾ, സഭയുടെ ഉപദേശത്തിലും ഭരണത്തിലും ഏർപ്പെട്ടിരിക്കുന്നവർ എന്നിവർ സഭയുടെ വിശ്വാസാചാരങ്ങളോടും ചട്ടങ്ങളോടും കൂറുള്ളവരായിരിക്കേണ്ടതാണ്. അങ്ങനെയുള്ളവർ രണ്ടാം സ്നാനത്തിന്നനുകൂലമായി പഠിപ്പിക്കുകയോ, രണ്ടാം സ്നാനം സ്വീകരിക്കുകയോ ചെയ്താൽ അവർ അതിനെക്കുറിച്ച് അനുതപിക്കുകയും ന്യായമായ മാർഗ്ഗത്തിൽ കൂടെ സഭയിലെ അവരുടെ നിലകളിലേക്ക് യഥാസ്ഥാനപ്പെടുകയും ചെയ്യുന്നതുവരെ അവരുടെ സ്ഥാനങ്ങളിൽ തുടരുന്നതിന് അയോഗ്യരായി കരുതപ്പെടുന്നതാണ്.





(x) ബപ്തീസ്മയെക്കുറിച്ച് ജനങ്ങൾക്ക് ക്രമമായി ഉപദേശങ്ങൾ നല്കുന്നതിന് പട്ടക്കാരോടും സഭാ പ്രവർത്തകരോടും അഭ്യർത്ഥിക്കുന്നു. മുതിർന്നവരെ സ്നാനത്തിനുവേണ്ടി ഒരുക്കുമ്പോഴും, കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന മാതാപിതാക്കളെ അതിനായി ഒരുക്കുമ്പോഴും, സ്ഥിരീകരണത്തിന് കുട്ടികളെ പഠിപ്പിക്കുമ്പോഴും, ബപ്തീസ്മ ശുശ്രൂഷ നടത്തുമ്പോഴും ഇതെപ്പറ്റിയുള്ള ഉപദേശങ്ങൾ നല്കാവുന്നതാണ്. പട്ടക്കാർ ശരിയായ ഒരുക്കത്തോടും, ഭയഭക്തിയോടും കൂടെ മാത്രമേ ബപ്തീസ്മ ശുശ്രൂഷ നടത്താവു എന്ന അവരെ പ്രത്യേകം ഉത്ബോധിപ്പിച്ചുകൊള്ളുന്നു.

**സ്നാനത്തിന്റെ രീതി.** സ്നാനാർത്ഥിയെ വെള്ളത്തിൽ നിമജ്ജനം ചെയ്യണമെന്നും, അല്ല അല്പം വെള്ളം അയാളുടെ മേൽ പകർന്നാലും മതിയെന്നും രണ്ടഭിപ്രായമുണ്ട്. ഈ രണ്ടു വിധത്തിലുമാകാമെന്നാണ് ദക്ഷിണേന്ത്യാ സഭയുടെ അഭിപ്രായം സ്നാനപ്പെടുത്തുന്നത് നിമജ്ജനം ചെയ്ത് ആയിരിക്കണമെന്ന് വേദപുസ്തകത്തിൽ പറയുന്നില്ല. എന്നാൽ ബപ്തീസ്മ എന്ന വാക്കിന്റെ അർത്ഥം മൂലഭാഷയിൽ മുങ്ങുക എന്നാണെന്ന് ചിലർ പറയുന്നു. ആ വാക്കിനു കഴുകുക, വെള്ളം കൊണ്ടു വൃത്തിയാക്കുക, പകരുക, കർമ്മപരമായ കഴുകൽ എന്നിങ്ങനെ വിപുലമായ അർത്ഥമാണ് മൂലഭാഷയിലുള്ളത്. ഉദാ:- മർക്കൊ. 7:4 -ൽ ബപ്തീസ്മ എന്ന പദം കഴുകുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 1 കൊരി. 10:2- ൽ നാം എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു മോശെയോടു ചേർന്നു ബപ്തീസ്മ എന്ന പദമാണ് മൂല ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ മേഘത്തിലും സമുദ്രത്തിലും മുങ്ങി എന്ന് അർത്ഥമില്ലല്ലോ. സമുദ്രത്തിൽ മുങ്ങിയത് ഫറവോന്റെ സൈന്യമല്ലയോ. അപ്പോ. പ്ര. 1:5 - ൽ നിങ്ങൾക്ക് ...... പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും. എന്നു പറഞ്ഞിരിക്കുന്നു. ബപ്തീസ്മ എന്ന പദമാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവു പകരപ്പെടുക, പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞു എന്നിങ്ങനെയല്ലാതെ പരിശുദ്ധാത്മാവിൽ മുങ്ങി എന്നു പറയുകയില്ലല്ലോ (അപ്പൊ. പ്ര. 1:8, 2:17,33) അപ്പൊസ്തലികകാലത്തെ മതാനുസാരികൾ ചിലരെ നിമജ്ജനം ചെയ്തും ഇല്ലാത്തപക്ഷം വെള്ളം പകർന്നും സ്നാനപ്പെടുത്താമെന്നുള്ള നിർദ്ദേശം എത്രയും സ്വീകാര്യമായിട്ടുള്ളതാണ്. ആദിമ സഭയിൽ മേൽപറഞ്ഞ രണ്ടുവിധത്തിലും സ്നാനപ്പെടുത്താമെന്നുള്ള നിർദ്ദേശം എത്രയും സ്വീകാര്യമായിട്ടുള്ളതാണ്. ആദിമ സഭയിൽ മേൽപറഞ്ഞ രണ്ടു വിധത്തിലും സ്നാനപ്പെടുത്തിയിരുന്നു എന്നുള്ളത് സഭാ പിതാക്കന്മാരുടെയും മറ്റും എഴുത്തുകളിൽ പറയുന്നു. ഉദാ. ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിന്റെ കടശ്ശിയിൽ എഴുതപ്പെട്ടതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതും ഡിഡാക്കെ എന്നു പേർ പറയുന്നതുമായ ഒരു പ്രാചീന ക്രൈസ്തവ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു.

(തുടരും)

# നിങ്ങൾ
# കാൻസർ വിലക്കുവാങ്ങുന്നവരോ ?

ആധുനിക മനുഷ്യന്റെ ഭക്ഷണരീതിയാണ് അവനെ കാൻസർ എന്ന മാരകമായ രോഗത്തിന് വിധയനാക്കുന്ന പ്രധാന കാരണങ്ങളിൽ ഒന്ന് എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വഴിയരികിൽ വില്പനയ്ക്കായി വച്ചിരിക്കുന്ന വിവിധ നിറങ്ങളിലും രുചികളിലും ലഭിക്കുന്ന ചിപ്സുകൾ അപൽകാരികളാണ്. ഇവ പാകപ്പെടുത്തുവാനായി ഉപയോഗിക്കുന്ന എണ്ണകൾ ആവർത്തിച്ചാവർത്തിച്ച് ചൂടാക്കുന്നതാണ്. കടക്കാർ ആരും തന്നെ ഒരു പ്രാവശ്യം ഉപയോഗിച്ച എണ്ണ കളയാറില്ല. ഉപയോഗിച്ച് മിച്ചം വരുന്ന എണ്ണയിലേക്ക് വീണ്ടും എണ്ണയൊഴിച്ച് ചൂടാക്കിയാണ് ചിപ്സ് തയാറാക്കുന്നത്. ചിപ്സ് മാത്രമല്ല മിക്കവാറും എല്ലാ എണ്ണ പലഹാരങ്ങളും ഉണ്ടാക്കുന്നത് ഈ രീതിയിലാണ്. എണ്ണ വീണ്ടും വീണ്ടും ചൂടാക്കുന്നതിലൂടേ അതിലുണ്ടാകുന്ന രാസമാറ്റം മാരകമായ കാൻസർ രോഗത്തിന് കാരണമാകും. അതിനാൽ എണ്ണയിൽ തയ്യാർ ചെയ്ത പലഹാരങ്ങൾ കടയിൽ നിന്നും വാങ്ങി ഉപയോഗിക്കുവാൻ പാടില്ല.

കാൻസറിന് കാരണമാകുന്ന മറ്റൊരു വില്ലൻ കടയിൽ നിന്നും വാങ്ങുന്ന പച്ചകറികളാണ്. പച്ചകറികൾ അധികവും ഉല്പാദിപ്പിക്കുന്നത് രാസവളവും, അമിതമായ കീടനാശിനി പ്രയോഗത്തിലൂടെയും ആണ്. രാസവളപ്രയോഗം ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗമായതിനാൽ കർഷകർ രാസവളം വ്യാപകമായ രീതിയിൽ ഉപയോഗിക്കുന്നു. അമിത രാസവള പ്രയോഗത്തിലൂടെ ഉല്പാദിപ്പിക്കുന്നകാർഷിക വിളകളുടെ ഉപയോഗം കാൻസർ ഉണ്ടാകുവാൻ കാരണമായ മറ്റൊരു സംഗതിയാണ്. അതിനാൽ ജൈവവളം ഉപയോഗിച്ച് അവരവർക്ക് ആവശ്യമുള്ള ആഹാര സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ ശ്രദ്ധിക്കണം. ഇന്ന് മാർക്കറ്റിൽ കിട്ടുന്ന ഏറ്റവും നല്ല ജൈവവളമാണ് സ്വാൾ (Swal) കമ്പിനിയുടെ സ്റ്റെറാമീൽ. ഈ കമ്പിനിയുടെ തന്നെ എല്ലുപൊടിയും ലഭ്യമാണ്. മല്ലപ്പള്ളിയിലെ മാവിള നേഴ്സറിയിൽ നല്ല ജൈവവളം ലഭ്യമാണ്. മേൽപറഞ്ഞിരിക്കുന്ന ജൈവ വളങ്ങൾ ഉപയോഗിച്ചുള്ള കൃഷി രീതി നാം അഭ്യസിക്കണം.

പച്ചക്കറി കടയിൽ ലഭിക്കുന്ന പയർ, പാവയ്ക്ക, പടവലങ്ങ, വെള്ളരി, കുമ്പളങ്ങ, ബീൻസ്, മുളക്, ചീര, ഏത്തയ്ക്ക എന്നിവയെല്ലാം അമിതമായി കീടനാശിനി ഉപയോഗിച്ച് വിളയിച്ചിരിക്കുന്നതാണ്. അതിനാൽ അതു വാങ്ങി ഉപയോഗിക്കാൻ പാടില്ല. ഏത്തവാഴയ്ക്ക് ഉപയോഗിക്കുന്ന ഫുരുടാൻ എന്ന കീടനാശിനി അത്യന്തം മാരകമായ വിഷമാണ്. കീടനാശികളും രാസവളങ്ങളും സസ്യത്തിന്റെ ഇലകളിലേക്ക് വ്യാപിച്ച് അതിന്റെ ഫലങ്ങളിലും എത്തിച്ചേരും. അവ ഭക്ഷിക്കുമ്പോൾ കീടനാശിനിയുടെ അംശം ശരീരത്തിൽ പ്രവേശിച്ച് കാൻസറിന് കാരണമാകും.





**നമുക്ക് എന്താണ് ചെയ്യുവാൻ കഴിയുക.**

1. ജൈവ വള പ്രയോഗരീതി സ്വീകരിക്കുക
2. കീടനാശിനികൾ ഉപയോഗിക്കാതിരിക്കുക
3. ജൈവ കീടനാശിനികൾ ഉപയോഗിക്കുക
4. ചീര തഴുതാമ, പൊന്നാരി വീരൻ, തകര മുതലായ ഇലച്ചെടികൾ നമ്മുടെ പറമ്പുകളിൽ തന്നെ നട്ടുവളർത്തുക.
5. എല്ലാ പച്ചക്കറി ഇനങ്ങളും മറ്റ് കാർഷിക വിഭവങ്ങളും, ഏത്തവാഴ ഉൾപ്പെടെ നമ്മുടെ ആവശ്യത്തിന് വേണ്ടത് നമ്മുടെ ആരോഗ്യത്തെ പരിഗണിച്ച് ലാഭനഷ്ടം നോക്കാതെ ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ച് കൃഷി ചെയ്യുക.
6. ലഭിക്കുന്നതത്രെയും മതി എന്നു വെക്കുക

# നമ്മുടെ നാൽ കവലകൾ

മുൻ കാലങ്ങളിൽ നമ്മുടെ നാൽകവലകളായിരുന്നു (Junction) നമ്മുടെ വിനോദ സ്ഥലങ്ങളിൽ പ്രധാനപ്പെട്ട സ്ഥലം. വൈകിട്ട് കവലയിലേക്ക് ഇറങ്ങി സ്നേഹിതരെ ഒക്കെ കണ്ട് കുറച്ചു നേരം സംസാരിച്ച് തിരച്ചുപോകുന്ന രീതി ഉണ്ടായിരുന്നു. അക്കാലങ്ങളിൽ കവലകളിൽ നല്ല ചായകടകൾ ഉണ്ടായിരുന്നു. അല്പം രാഷ്ട്രീയം, പള്ളി കാര്യം, സാമൂഹിക വിഷയങ്ങൾ ഒക്കെ സംസാരിച്ചിരുന്നു. ഇതിലൂടെ ശരീരത്തിനും മനസിനും ഒക്കെ ഒരാശ്വാസം ലഭിച്ചിരുന്നു. അക്കാലങ്ങളിൽ കവലകളിൽ എത്തുന്നവരിൽ ഒരു നല്ല ശതമാനവും വിദ്യാഭ്യാസമുള്ളവരും വിവരം ഉള്ളവരും ആയിരുന്നു. അതിനാൽ വർത്തനരീതികളും സഭ്യമായ സംസാരവും, ഇടപെടലുകളും ഉണ്ടായിരുന്നു. കാലങ്ങൾ കഴിഞ്ഞുപോയി. ജോലിതേടി പുതിയ തലമുറ മറ്റുസ്ഥലങ്ങളിലേക്കും രാജ്യങ്ങളിലേക്കും പോയിതുടങ്ങി. പഴയതലമുറയിൽപെട്ടവർ തിരശ്ശീലയ്ക്കപ്പുറത്തേക്ക് വാങ്ങിപൊയ്ക്കൊണ്ടിരിക്കുന്നു. ഇന്ന് നമ്മുടെ കവലകളും ജംഗ്ഷനുകളും സാമൂഹിക വിരുദ്ധരുടേയും മറ്റുതൊഴിലുകളൊന്നും ഇല്ലാത്തവരുടേയും വിദ്യാഭ്യാസവും വിവരവും ഇല്ലാത്തവരുടേയും കേളി രംഗമായി മാറിയിരിക്കുന്നു. പല കവലകളും വാറ്റു ചാരായം വില്ക്കുന്ന കേന്ദ്രങ്ങളും ആണ്. സമൂഹത്തിലെ മാന്യമാർ ആരും തന്നെ ഇന്ന് കവലകളിൽ പോയിരിക്കാറില്ല. ഇന്ന് കവലകളിൽ നിന്ന് നല്ലതൊന്നും ലഭിക്കാറുമില്ല. സ്വഭാവ ദൂഷ്യവും മോശമായ കൂട്ടുകെട്ടുകളും അല്ലാതെ ഒന്നും ലഭിക്കുകയില്ല. അതിനാൽ നമ്മുടെ കുഞ്ഞുങ്ങൾ കവലകളിൽ പോയി നേരം വളരെ വൈകിയിരിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുവാൻ പാടില്ല.

മാതാപിതാക്കൾ കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാക്കി. അവരെ അതിൽ നിന്നും വില ക്കിയാൽ തെറ്റായ ജീവിത രീതികളിൽ നിന്നും അവരെ രക്ഷിക്കുവാൻ കഴിയും. നമ്മുടെ കവലകൾ ഒരു നല്ല ജീവിതത്തിന് നമ്മളെ സഹായിക്കുന്നില്ല.

## കാലഘട്ടത്തിന് അനുസൃതമായ സഭാ ശുശ്രൂഷ

175 കുടുംബങ്ങൾ തായി സഭയിലും 150തോളം കുടുംബങ്ങൾ നാല് ഉപസഭ കളിലും, 3 സ്കൂളുകളും, ഒരു ബോയ്സ് ഹോമും, ആശുപത്രിയും, ഉൾപ്പെടുന്ന ഒരു വലിയ ഇടവകയാണ് മുണ്ടിയപ്പള്ളി ഇടവക. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഡിസ്ട്രിക് തലത്തിലും മഹായിടവക തലത്തിലും നടത്തപ്പെടുന്ന മിക്കവാറും എല്ലാപ്രോഗ്രാമുകളിലും അച്ചൻമാരുടെ സാന്നിദ്ധ്യം അവശ്യമായ ഘടകമാക്കി മാറ്റിയി ട്ടുണ്ട്. ഉപസഭകളിലെ നമ്മുടെ സഭാംഗങ്ങൾ സാംസ്ക്കാരികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, വളരെ പുരോഗമിച്ചിരിക്കുന്ന ഈ കാലത്ത് അവരുടെ ശുശ്രൂഷ സംബന്ധമായ കാര്യങ്ങൾക്ക് ഇടവക വികാരിയുടെ ആവശ്യകത വളരെ വർദ്ധിച്ചിട്ടു ണ്ട്. മുൻ കാലങ്ങളിൽ റവ. റ്റി. വി. കുരുവിള അച്ചനും, റവ. എം. ഓ. ജേക്കബ് അച്ചനും പാസ്റ്ററൽ മിനിസ്ട്രിയിൽ ഇടവക വികാരിയെ വളരെയധികം സഹായിച്ചിരുന്നു. ഇപ്പോൾ അവരിരുവരും ശാരീകമായി ക്ഷീണിതരാണ്. തൽഫലമായി ഇടവകയിലെ ശുശ്രൂഷ ഒരാളെകൊണ്ട് മാത്രം നിറവേറ്റുക ശ്രമകരമായ ഒരു കാര്യമാണ്.അതിനാൽ അത്മായരും, സംഘടനാ ഭാരവാഹികളും, ചർച്ച് കമ്മറ്റിയംഗങ്ങളും, പ്രാർത്ഥനാ നായ കന്മാരും എല്ലാം ഇടവക ശുശ്രൂഷയിൽ ഭാഗവാക്കുകളാകണം.

നാം ജീവിക്കുന്ന ഈ കാലഘട്ടം വിഷമതകൾ നിറഞ്ഞകാലഘട്ടം മാണ്. ഇന്ന് ആളുകൾക്ക് നമ്മുടെ സാന്നിദ്ധ്യം, പ്രാർത്ഥന, കൂട്ടായ്മ, ആശ്വാസവാക്കുകൾ ഇവ യെല്ലാം ആണ് ആവശ്യം. പണം അധികം പേർക്കും ആവശ്യം ഇല്ല. കാലഘട്ടത്തിനൊത്ത് ഈ ശുശ്രൂഷചെയ്യുവാൻ സഭയായി നാം മുമ്പോട്ടു വരണം. നമ്മുടെ ബന്ധത്തിലോ, പരിചയത്തിലോ, ഉള്ളവരേ മാത്രമേ നാം കാണാൻ പോകൂ. അവരുടെ ആവിശ്യങ്ങ ളിൽ മാത്രമേ സഹകരിക്കു എന്ന ചിന്ത വെടിയണം.

സഭ ഒരു കൂട്ടായ്മയാണ്. അതിലുള്ള മുഴുവൻ ആളുകളും ഒരു കുടുംബ ത്തിലെ അംഗങ്ങളാണ്. ഒരാളുടെ വേദന എല്ലാവരുടെയും വേദനയായിരിക്കണം. ഒരാ ളുടെ സന്തോഷം എല്ലാവരുടെയും സന്തോഷമായിരിക്കണം. ഒരാളുടെ ദുഃഖം എല്ലാ വരുടെയും ദുഃഖം ആയിരിക്കണം. സഭ കർത്താവിന്റെ ശരീരമാണ്. ഒരു അവയവ ത്തിന്റെ വേദന മുഴുവൻ ശരീരത്തിന്റെയും വേദനയാണ്.





നമ്മുടെ ഏഴു പ്രാർത്ഥനാഭാഗങ്ങളിൽ മൂന്നു ചർച്ച് കമ്മറ്റി യംഗങ്ങൾ വീധം ഓരോ പ്രാർത്ഥനാ ഭാഗത്തും ഉണ്ട്. കൂടാതെ ഏഴു പ്രാർത്ഥന നായകന്മാർ ഏഴു ആത്മായ സംഘടന ഭാരവാഹികൾ, ഏഴു സ്ത്രീജനസഖ്യ കമ്മറ്റിയംഗങ്ങൾ, യൂത്ത് മൂവ്മെന്റെ കമ്മിറ്റിയംഗങ്ങൾ, ഗായകസംഘം കമ്മറ്റിയംഗങ്ങൾ എന്നീ ക്രമത്തിൽ ഇട വകയുടെ പ്രതിനിധികളായ് ഓരോഭാഗത്തും ഉണ്ട്. ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കണം. അധികാരത്തിനുവേണ്ടി ഒരു സ്ഥാനവും സഭയിൽ ഇല്ല. മുഴുവൻ സ്ഥാനങ്ങളും ശുശ്രൂഷയ്ക്കായിട്ടുളളതാണ്. അതാത് പ്രാർത്ഥനഭാഗത്തുള്ള മേൽ പറ ഞ്ഞിരിക്കുന്ന സഭയുടെ ചുമതലകാർ ആഭാഗത്തേ വീടുകൾ സന്ദർശിക്കണം, രോഗി കളെ കാണണം, പ്രാർത്ഥിക്കണം, ആവശ്യമായ കൂട്ടായ്മ നൽകണം, പ്രാർത്ഥനകൾ കൂട്ടായ്മ യോഗങ്ങൾ എന്നിവയിൽ സംബന്ധിക്കുകയും വേണം. ചർച്ച് കമ്മറ്റി പ്രതി നിധികൾ ഇതിനു മുൻകൈയ്യെടുക്കണം. ഇപ്രകാരമുളള ഒരു ശുശ്രൂഷയിലൂടെ മാത്രമേ സംഘതവും കാലാനുസ്രിതവുമായ ഒരു സഭാ ശുശ്രൂശഷ നിറവേറ്റാൻ നമുക്ക് കഴിയുകയുള്ളു അതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥി ക്കുന്നു.

## വിവിധ യോഗങ്ങളിൽ പാട്ടുകളുടെ ക്രമീകരണം.

ക്രിസ്തീയ ആരാധനകളിലും യോഗങ്ങളിലും പാട്ടുകൾ പാടുന്നതിന് അതി ന്റേതായ ക്രമം ഉണ്ട്. നമ്മുടെ ആരാധനയിലെ പാട്ടുകൾ ശ്രദ്ധിച്ചിട്ടുള്ളവർക്ക് ഇത് മനസ്സിലാക്കുവാൻ കഴിയും. ഒരു യോഗാരംഭത്തിൽ പാടേണ്ട പാട്ട് എപ്പോഴും ഒരു സ്തുതിഗീതമായിരിക്കണം. സ്തുതിഗീതത്തിനുശേഷം ആരാധനാഗീതങ്ങൾ എന്ന ശീർഷകത്തിൽ വരുന്ന പാട്ടുകൾ (ആരാധിക്കുന്നേ ഞങ്ങൾ ആരാധിക്കുന്നേ...ഇത്യാ ദി) പാടാവുന്നതാണ്. അതിനുശേഷം പാടുന്ന പാട്ട് ഒരു സ്തോത്രഗീതമായിരിക്കണം. സ്തോത്രഗീതത്തിനുശേഷം വിശ്വാസം, സ്നേഹം, വിശുദ്ധി, കൃപ, അനുതാപം, സന്തോ ഷം, സങ്കേതം, പ്രതിഷ്ഠാ, കർത്താവിന്റെ വരവ് മുതലായ ശീർഷകത്തിൽ വരുന്ന പാട്ടു കൾ പാടാവുന്നതാണ്. ദൈവ വചനശുശ്രൂഷയ്ക്ക് മുമ്പായി പാടുന്ന പാട്ട് ദൈവവച നവുമായി ബന്ധപ്പെട്ടതായാൽ സന്ദർഭോചിതമായിരിക്കും. മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് മുമ്പായി പാടുന്ന പാട്ട് പ്രാർത്ഥനയുമായി ബന്ധപ്പെട്ടതായിരിക്കണം. സ്തോത്രകാഴ ചയ്ക്ക് സമർപ്പണത്തിന്റെ പാട്ടായിരിക്കും ഉചിതം. ലഭിച്ച ദൈവവചനത്തിന്റെ വെളി ച്ചത്തിൽ ഉള്ള പാട്ടായാലും നന്നായിരിക്കും.

സ്തുതി (ആരാധനാ ഗീതം) സ്തോത്രം, സാമാന്യ ഗീതങ്ങൾ ദൈവവചനം, പ്രാർത്ഥന, സമർപ്പണം, എന്നീ ക്രമത്തിൽ പാട്ടുകൾ എടുക്കുന്നതും പാടുന്നതും ഉചി തമായിരിക്കും.

# പ്രാർത്ഥനയിൽ എന്തെല്ലാം ഘടകൾ ഉൾപ്പെട്ടിരിക്കുന്നു.

